# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.264/2025** **തിരുവനന്തപുരം, തീയതി. 05.12.2025**

# പത്രക്കുറിപ്പ്

## പരീക്ഷാഫീസ്, കൻഡോനേഷൻ അപേക്ഷ തീയതി നീട്ടിയിരിക്കുന്നു

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ FYUGP ഡിസംബർ 2025 പരീക്ഷയ്ക്ക് ഓൺലൈനായി പിഴ കൂടാതെ ഫീസ് അടച്ച് രജിസ്റ്റർ ചെയ്യുവാനുള്ള തീയതി 2025 ഡിസംബർ 06 വരെയും 150/- രൂപ പിഴയോടുകൂടി ഫീസ് അടക്കുവാൻ 2025 ഡിസംബർ 08 വരെയും 400/- രൂപ സൂപ്പർ പിഴയോടു കൂടി ഫീസ് അടക്കുവാൻ 2025 ഡിസംബർ 09 വരെയും, ഹാജർ നിലയിലെ കുറവ് നികത്തുന്നതിനുള്ള കൻഡോനേഷൻ അപേക്ഷ സമർപ്പിക്കാനുള്ള സമയം 2025 ഡിസംബർ 06 വരെയും നീട്ടിയിരിക്കുന്നു.

## ടൈംടേബിൾ

കേരളസർവകലാശാല 2025 ഡിസംബർ 15 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബിഎഡ് ഡിസംബർ 2025 (2019 – സ്കീം) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## അവധി

കേരളസർവകലാശാല 2025 ഡിസംബർ 09 ന് നടക്കുന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ സർവകലാശാല പഠന ഗവേഷണ കേന്ദ്രം (UKSRC) ആലപ്പുഴ തെരഞ്ഞെടുപ്പ് ബൂത്ത് ആയതിനാൽ 2025 ഡിസംബർ 08 (തിങ്കൾ) UKSRC ആലപ്പുഴ അവധിയായിരിക്കും.

## പരീക്ഷ രജിസ്ട്രേഷൻ

കേരളസർവകലാശാല ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്.സി/ബി.കോം മാർച്ച് 2026 (സപ്ലിമെന്ററി - 2021 to 2023 അഡ്മിഷൻ, മേഴ്സി ചാൻസ് -2013 & 2017 - 2020 അഡ്മിഷൻ) പരീക്ഷകളുടെ രജിസ്ട്രേഷൻ 08.12.2025 മുതൽ ആരംഭിക്കുന്നു. വിശദമായ നോട്ടിഫിക്കേഷൻ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**